5. അഴീക്കൽ തുറമുഖ വികസനത്തിനായി ഡിസംബർ മാസംതന്നെ ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കണം.

6. അഴീക്കൽ തുറമുഖ വികസനത്തിനുള്ള 4 ഏക്കർ Land Acquisition ഉൾപ്പെടെയുള്ള വിഷയങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടറെക്കൂടി പങ്കെടുപ്പിച്ച് മീറ്റിംഗ് വിളിക്കണം.

(സി&ഡി) മേൽപ്പറഞ്ഞ തീരുമാനങ്ങളനുസരിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി കത്തിടപാടുകൾ നടത്തിയെങ്കിലും ലക്ഷദ്വീപ് ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും കാര്യമായ പ്രതികരണം ലഭിക്കാത്തതിനാൽ തീരുമാനങ്ങൾക്കനുസൃതമായി മുന്നോട്ടു പോകാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല.

കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

147 (213) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെ പേരും, അടങ്കൽ തുകയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ പദ്ധതികളൊന്നുംതന്നെ തുറമുഖ വകുപ്പ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തുറമുഖ മേഖലയിൽ താഴെ പറയുന്ന പ്രവൃത്തികൾ ചുവടെ ചേർത്തിട്ടുള്ള അടങ്കൽ തുകയ്ക്ക് നിർവ്വഹിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

1. കോഴിക്കോട് പോർട്ട് സിഗ്നൽ സ്റ്റേഷൻ അറ്റകുറ്റപ്പണികൾ : അടങ്കൽ തുക : 3,53,692 രൂപ

2. കോഴിക്കോട് പോർട്ട് ഗസ്റ്റ് ഹൗസിന്റെ ചുറ്റുമതിൽ പുനരുദ്ധാരണ പ്രവൃത്തി : അടങ്കൽ തുക : 4,58,150 രൂപ

3. കോഴിക്കോട് പോർട്ട് സിഗ്നൽ സ്റ്റേഷന്റെ റിപ്പയറിംഗ് പ്രവൃത്തി : അടങ്കൽ തുക : 51,953 രൂപ

4. കോഴിക്കോട് പോർട്ട് സിഗ്നൽ സ്റ്റേഷനിൽ തറയോട് നിരത്തൽ പൂർത്തീകരണ പദ്ധതി : അടങ്കൽ തുക : 49,833 രൂപ

5. കോഴിക്കോട് പോർട്ട് ഗസ്റ്റ് ഹൗസിന്റെ വാർഷിക അറ്റകുറ്റപ്പണികൾ (2008-09) : അടങ്കൽ തുക : 1,85,385 രൂപ

LIBRARY ARCHIVES Kerala Legislative Assembly